## കുടുംബശ്രീ സി ഡി എസ്

## വേളൂക്കര ഗ്രാമ പഞ്ചായത്ത്

അനീഷ കെ.എ

ബ്ലോക്ക് കോഓർഡിനേറ്റർ



അനിത ബിജു

സി ഡി എസ് ചെയർപേഴ്സൺ



## പൊതുവിവരങ്ങൾ

ആകെ എ ഡി എസ് :18

അയൽക്കൂട്ടങ്ങളുടെ എണ്ണം 205

അയൽക്കൂട്ട അംഗങ്ങൾ : 3257

ജെ എൽ ജി യൂണിറ്റുകൾ : 142

സംരംഭങ്ങൾ : 12

വയോജന അയൽക്കൂട്ടം : 27

സ്പെഷ്യൽ അയൽക്കൂട്ടം : 4

കൊറോണ വൈറസ് ലോകത്താകമാനം ഭീതിപടർത്തി കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വേളൂക്കര ഗ്രാമപഞ്ചായത് കുടുംബശ്രീ പ്രവര്തകരുടെ ,ആശ വർക്കർമാർ,അംഗൻവാടി അദ്ധ്യാപകർ ,മറ്റു സന്നദ്ധ പ്രവർത്തകർ എന്നിവരുടെ സഹകരണത്തോടെ പ്രതിരോധ പ്രവർത്തനങ്ങളിൽ മുഴുവൻ സമയവും ഏർപ്പെടാൻ ഈ പെൺ കരുത്തിനു കഴിഞ്ഞിട്ടുണ്ട് .കുടുംബശ്രീ ത്രിതല സംഘടന സംവിധാനത്തിന്റെ സമയോചിതമായ ഇടപെടൽ ഗ്രാമപഞ്ചായത്തിനും ഏറെ ഗുണകരമായി . ലോക്ക് ഡൌൺ കാലഘട്ടത്തിൽ സംയോജിതമായി ഇടപെടാൻ വേളൂക്കര കുടുംബശ്രീ സി ഡി എസ് നു കഴിഞ്ഞിട്ടുണ്ട് ,ആശ്രയ ഗുണഭോക്താക്കൾ ,വയോജനങ്ങൾ ,കുട്ടികൾ എന്നുവേണ്ട എല്ലാ വിഭാഗം ജനങ്ങൾക്കിടയിലും ശ്രദ്ധയും കരുതലും എത്തിക്കാൻ സി ഡി എസ് ബാരസമ്മതിക്കു സാധിച്ചിട്ടുണ്ട് എന്നത് അഭിമാനാര്ഹമാണ്.

വേളൂക്കര ഗ്രാമ പഞ്ചായത്തിൽ നടത്തിയ വിവിധ പ്രവർത്തങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

### ബോധവത്കരണ ക്ലാസ് :

കൊറോണ വൈറസ് പ്രതിരോധ പ്രവർത്തങ്ങളുടെ ഭാഗമായി ഓരോ വാർഡിലും ആദ്യഘട്ടത്തിൽ ബോധവത്കരണ ക്ലാസുകൾ പി എച് സി യുടെ സഹായത്തോടെ നൽകി . പതിനെട്ടു വാർഡുകളിലായി1500 പേര് ക്ലാസ്സുകളിൽ പങ്കെടുത്തു .

തുടന്ന് ബ്രേക്ക് ദി ചെയിൻ ക്യാമ്പയിൻ ന്റെ ഭാഗമായുള്ള പ്രവർത്തനങ്ങളിൽ ഏർപെടുകയുണ്ടായി .

### നിരീക്ഷണ കമ്മിറ്റി:

വാർഡ് തലത്തിൽ രൂപീകരിച്ച നിരീക്ഷണ കമ്മിറ്റിയിൽ സി ഡി എസ് ചെയര്പേഴ്സണും സി ഡി എസ് മെമ്പർമാരും അംഗങ്ങളായിക്കൊണ്ട് വിദേശത്തു നിന്നും എത്തിയവരെയും ഇതര സംസ്ഥാനത്തു നിന്നും എത്തിയവരെയും കണ്ടെത്തി അവർക്ക് ആവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കുകയും , ക്വാറന്റൈൻ ഉറപ്പാക്കുകയും ചെയ്തു.

### സൗജന്യ മാസ്ക് വിതരണം:

കൊറോണ വൈറസിനെ പ്രതിരോധിക്കാൻ മാസ്ക് ന്റെ ഉപയോഗം അനിവാര്യമെന്ന് മനസിലാക്കിയ കുടുംബശ്രീ പ്രവർത്തകർ ആയിരത്തിലധികം മാസ്കുകൾ നിർമിച്ചു ചെയര്പേഴ്സണ് കൈമാറുകയും അത് കെ എസ് ഇ ബി , പി എച് സി , എന്നി സ്ഥാപനങ്ങളിലെക്കും തൊഴിലുറപ്പ് തൊഴിലാളികൾ, ഓട്ടോ യൂണിയൻ ,പഞ്ചായത് സ്റ്റാഫ് ,വയോജന അയൽക്കൂട്ട അംഗങ്ങൾക്കും വിതരണം നടത്തി .



<u>വയോജന ക്യാമ്പയിൻ</u>:

ലോക്ക് ഡൗൺ ദിനങ്ങൾ അർത്ഥപൂർണമാക്കുന്നതിനു വേണ്ടി തൃശ്ശൂർ ജില്ലാ മിഷൻ സംഘടിപ്പിച്ച "ഇന്നലെ കളിലേക്കൊരു യാത്ര" എന്ന വയോജന ക്യാമ്പയിൻ ന്റെ ഭാഗമായി രചനകൾ വയോജന അയൽക്കൂട്ട അംഗങ്ങളെ കൊണ്ട് തയ്യാറാക്കി . വിവിധ വാർഡുകളിലെ വയോജന അയൽക്കൂട്ട അംഗങ്ങൾ കരകൗശല വസ്തുക്കളുടെ നിർമാണം ,അനുഭവങ്ങൾ വാട്സ്ആപ് വീഡിയോ യിലൂടെ പങ്കുവെക്കൽ തുടങ്ങിയ രസകരമായ നിരവധി പ്രവർത്തങ്ങളിൽ ഏർപ്പെടുകയും മാനസികോല്ലാസം കണ്ടെത്തുകയും ചെയ്തു .

<u>കുടുംബശ്രീ വാട്സ് അപ് ഗ്രൂപ്പ് നിർമാണം</u>:

എല്ലാ വാർഡുകളിലെയും അയൽക്കൂട്ടങ്ങൾക്കായി വാട്സ്ആപ് ഗ്രൂപ്പ് കൾ നിർമിച്ചു .ഈ ഗ്രൂപ്പുകളിലൂടെ പ്രതിരോധ പ്രവർത്തങ്ങളുമായി ബന്ധപ്പെട്ട വിവിധ സന്ദേശങ്ങൾ , അനുഭവങ്ങൾ ,ആശങ്കങ്ങൾ , മുൻകരുതലുകൾ ,മാനസിക പിന്തുണ , തുടങ്ങിയ നിരവധി മെസ്സേജുകൾ താഴെ തട്ടിലേക്ക് പ്രചരിപ്പിക്കാൻ കഴിഞ്ഞു . ഒരു പരിധിവരെ സാധാരണക്കാരുടെ മാനസിക സമ്മർദ്ദം കുറക്കാൻ സാധിച്ചിട്ടുണ്ട് . സംസ്ഥാന സർക്കാരും , ആരോഗ്യ ഡിപ്പാർട്മെന്റും നൽകുന്ന ആനുകാലിക റിപോർട്ടുകൾ താഴേക്കിടയിലേക്കു എത്തിക്കാൻ ഓരോ അയൽക്കൂട്ട ഗ്രൂപ്പുകൾക്കും സാധിച്ചു എന്നത് അഭിനന്ദനാർഹമാണ് . മുഖ്യ മന്ത്രി പ്രഘ്യാപിച്ച സഹായ ഹസ്തം ലോൺ അപേക്ഷകൾ യഥാസമയം സി ഡി എസ്സ് ഓഫീസിൽ എത്തിക്കാനും അയൽക്കൂട്ടങ്ങൾക് മീറ്റിംഗ് കൂടാതെ തന്നെ തീരുമാനങ്ങൾ ഈ ഗ്രൂപ്പുകളിലൂടെ അറിയിക്കാനും സാധിച്ചു .

<u>മുഖ്യ മന്ത്രിയുടെ സഹായ ഹസ്തം ലോൺ വിതരണം</u>:

അർഹരായ മുഴുവൻ അയൽക്കൂട്ടങ്ങൾക്കും ലോൺ നൽകുന്നതിനു സാധിച്ചിട്ടുണ്ട് . നിലവിൽ 187 അയൽക്കൂട്ടങ്ങൾക്കായി ലോൺ അപേക്ഷ സി ഡി എസ്സിൽ ലഭിച്ചിട്ടുണ്ട്.

<u>കമ്മ്യൂണിറ്റി കിച്ചൻ</u>

സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനം ആരംഭിച്ചു . വീടുകളിൽ ഒറ്റക്ക് താമസിക്കുന്നവർക്കും ,നിരീക്ഷണത്തിൽ കഴിയുന്നവർക്കുമായി ഉച്ച ഭക്ഷണം ,അത്താഴം എന്നിവ കുടുംബശ്രീ ചെയര്പേഴ്സണ് അനിത ബിജുവിന്റെയും ,പഞ്ചായത്തു പ്രസിഡണ്ട് ഉചിത സുരേഷിന്റെയും, മറ്റു സി ഡി എസ് മെമ്പർ മാരുടെയും നേതൃത്വത്തിൽ തയ്യാറാക്കി വീടുകളിൽ എത്തിച്ചു കൊടുത്തു. കുടുംബശ്രീ സംരംഭ യൂണിറ്റുകൾ തയ്യാറാക്കിയ സാമ്പാർ പൌഡർ, മുളക് പൊടി , മഞ്ഞൾ പൊടി മുതലായവയും കമ്മ്യൂണിറ്റി കിച്ചണിലേക്ക് അയൽക്കൂട്ട അംഗങ്ങൾ എത്തിച്ചിരുന്നു .





<u>എം കെ എസ് പി</u>

വിവധ ജെ എൽ ജി യൂണിറ്റുകളുടെ നേതൃത്വത്തിൽ കോവിഡ് കാലത്തും വ്യത്യസ്തമായ കൃഷിരീതികൾ അവലഭിച്ചു . ലോക്ക് ഡൗൺ സമയം ഫലപ്രദമായി ഉപയോഗിക്കുന്നതിന്റെ ഭാഗമായി പഴയ ഓടുകൊണ്ടും ,പാള കൊണ്ടും ബാഗുകൾ നിർമിച്ചുകൊണ്ട് കൃഷി ചെയ്തിട്ടുണ്ട് .കുടുംബശ്രീ ജില്ലാ മിഷൻ വിഷരഹിത പച്ചക്കറികൾ ആവശ്യക്കാരിൽ എത്തിക്കുന്നതിന്റെ ഭാഗമായി പ്രചാരത്തിലിറക്കിയ പച്ചക്കറി വണ്ടിയിലേക്കും പച്ചക്കറികൾ നല്കാൻ ജെ എൽ ജി യൂണിറ്റുകൾക്ക് തയ്യാറായി . ജില്ലാ മിഷൻ തയ്യാറാകുന്ന അനുഭവത്തിലെ കൃഷി മന്ത്രങ്ങൾ എന്ന പുസ്തകത്തിലേക്ക് കോവിഡ് കാലത്തെ കൃഷി അനുഭവങ്ങൾ വിവരിക്കുന്ന മികച്ചൊരു ലേഖനവും ജെ എൽ ജി യൂണിറ്റ് അംഗം നൽകി. കൂടാതെ കമ്മ്യൂണിറ്റി കിച്ചണിലേക്കു വിഷരഹിത പച്ചക്കറികളും , പാൽ ഉത്പന്നങ്ങളും ഏറ്റവും സന്തോഷത്തോടെ തന്നെ നൽകികൊണ്ട് ഒരിക്കൽ കൂടി സമൂത്തിനൊരു കൈത്താങ്ങായി മാറി നമ്മുടെ ഈ പെൺ കരുത്തു.



<u>ആശ്രയ</u>

അശരണരായ ആശ്രയ ഗുണഭോക്താക്കൾക്കുള്ള ഭക്ഷ്യകിറ്റുകൾ ലോക്ക് ഡൗൺ സമയത്തു വീടുകളിൽ എത്തിച്ചു നൽകി ഒരിക്കൽകൂടി കുടുംബശ്രീ വനിതകൾ തങ്ങളുടെ ഉത്തരവാദിത്തവും സ്നേഹവും പ്രകടമാക്കിയപ്പോൾ കണ്ണീർ കണങ്ങളോടെ കിറ്റുകൾ ഏറ്റുവാങ്ങിയ അമ്മമാരും ഹൃദയ സ്പർശിയായ നിമിഷങ്ങൾ നമ്മുടെ ചേച്ചിമാർക്കു സമ്മാനിച്ചു. ഒപ്പം കൊറോണ വൈറസിൽ നിന്നും അവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി മാസ്കുകൾ നൽകുകയും ചെയ്തു

<u>ബാലസഭ</u>

അവധിക്കാലം ആഘോഷമാക്കാൻ കാത്തിരുന്ന നമ്മുടെ കുട്ടിക്കൂട്ടങ്ങൾക്ക് ഭീതിപ്പെടുത്തുന്ന ഓർമകളാണ് ഈ അവധിക്കാലം കൊറോണ എന്ന മഹാമാരിയിലൂടെ സമ്മാനിച്ചത്. എങ്കിലും അവരിലെ സർഗാത്മക കഴിവുകളെ തഴുകി ഉണർത്തികൊണ്ട് ബാലസഭാ കുട്ടികൾക്കായി വിവിധ രചന മത്സരങ്ങൾ സംഘടിപ്പിച്ചു . കഥ കവിത രചനലിലൂടെ കുട്ടികളുടെ ഭാവന യെ ഉണർത്തിയപ്പോൾ ചിത്ര രചന മത്സരങ്ങൾ അവരുടെ മനസിലെ ആശയങ്ങളെ വർണ്ണാഭമാക്കി അവതരിപ്പിക്കാൻ സഹായിച്ചു . പേപ്പർ ക്രാഫ്റ്റ് , ബോട്ടിലെ ആർട്ട്, ക്ലേ മോഡലിംഗ് മുതലായ മ്ലസരങ്ങളും ഈ കൊറോണ കാലം സുന്ദരമാക്കി .മൂന്നാം വർഡിലെ കൈരളി ബാലസഭാ കുട്ടികൾ മാസ്ക് നിർമാണത്തിനായി മുന്നിട്ടിറങ്ങിയത് വേറിട്ടൊരു അനുഭവമായി മാറി .










ലോക രാഷ്ട്രങ്ങൾക്ക് തന്നെ മാതൃകയായി മാറിയ ഏഷ്യ യിലെ ഏറ്റവും വലിയ സ്ത്രീ കളുടെ കൂട്ടായ്മയാണ് നമ്മുടെ കുടുംബശ്രീ പ്രസ്ഥാനം . സംസ്ഥാന സർക്കാരിന്റെ അതിജീവന പ്രവർത്തങ്ങൾ കൊപ്പം നിന്നുകൊണ്ട് നിസ്വാർത്ഥ സേവനം കാഴ്ചവെക്കാൻ നമ്മുടെ ഈ കൂട്ടായ്മയ്ക്ക് കഴിഞ്ഞു .........സമൂഹ നന്മയ്ക്കായി ഇനിയുമേറെ പ്രവർത്തങ്ങൾ ചെയ്യാനുണ്ടെന്ന ഉത്തമ ബോധ്യത്തോടെയാണ് ഓരോ കുടുംബശ്രീ പ്രവർത്തകരും മുന്നേറുന്നത് .....
മാറുന്ന ലോകത്തിന്റെ പുത്തനുണർവായി മാറിക്കഴിഞ്ഞു ഈ പെണ്കരുത്ത് ...അതുകൊണ്ട് തന്നെ മലയാള നാടിൻറെ പുത്തൻ അതിജീവനത്തിന്റെ പാതയിലേക്ക് നിസ്വാർത്ഥ സേവനം നൽകുന്ന ഈ പെണ്കരുത്തിനു മുൻപിൽ കൊറോണ എന്നാ മഹാമാരിയും കീഴടങ്ങും ....ഈ കൊറോണ കാലവും നാം അതിജീവിക്കും ...............